**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 375** **23-07-2021 - ൽ മറുപടിയ്ക്ക്**

**ആദിവാസി പുനരധിവാസ വികസന മിഷന്റെ പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എ . പി . അനിൽ കുമാർ** | | **Shri K. Radhakrishnan**<br>**(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി )** | |
| (എ) | ആദിവാസി പുനരധിവാസ വികസന മിഷൻ രൂപീകരിക്കുമ്പോൾ സർക്കാർ മുന്നോട്ട് വച്ച ഉദ്ദേശലക്ഷ്യങ്ങൾ എന്തൊക്കെയായിരുന്നു; വ്യക്തമാക്കാമോ; | (എ) | സംസ്ഥാനത്തെ ഭൂരഹിതരും ഭൂമി കുറവുള്ളവരുമായ ആദിവാസികൾക്ക് ഒരേക്കറിൽ കുറയാതെയും ഭൂമി കൂടുതലുള്ള സ്ഥലങ്ങളിൽ ലഭ്യത അനുസരിച്ചും അഞ്ചേക്കർ വരെയും ഭൂമി വിതരണം ചെയ്യുന്നതിനും അവരെ പുനരധിവസിപ്പിക്കുന്നതിനും അവരുടെ സർവ്വോന്മുഖമായ ക്ഷേമപ്രവർത്തനങ്ങൾ നടത്തുന്നതിനും വേണ്ടിയാണ് ആദിവാസി പുനരധിവാസ വികസന മിഷൻ രൂപീകരിച്ചത്. |
| (ബി) | കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ആദിവാസി പുനരധിവാസ വികസന മിഷൻ നടത്തിയ പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് മേഖലയും വർഷവും തിരിച്ച് വ്യക്തമാക്കാമോ; | (ബി) | കഴിഞ്ഞ സർക്കാരിന്റെ കാലയളവിൽ ഭൂരഹിതരായ 5011 പേർക്ക് വനാവകാശ നിയമം, ഭൂമി വിലക്ക് വാങ്ങി നൽകുന്ന പദ്ധതി, നിക്ഷിപ്ത വനഭൂമി വിതരണം, റവന്യൂ ഭൂമി വിതരണം എന്നീ പദ്ധതികളിലായി 4146.53 ഏക്കർ ഭൂമി വിതരണം ചെയ്തു. കൂടാതെ പുനരധിവസിപ്പിക്കപ്പെട്ടവർക്ക് വീട് ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങളും ആദിവാസി പുനരധിവാസ വികസന മിഷൻ മുഖേന നടപ്പിലാക്കി വരുന്നു. ആയതിന്റെ വിവരങ്ങൾ അനുബന്ധം 1 ആയി ചേർക്കുന്നു. |
| (സി) | പട്ടികവർഗ്ഗ വിഭാഗക്കാർക്ക് വേണ്ടി ആദിവാസി പുനരധിവാസ വികസന മിഷൻ മുഖേന ചെലവഴിച്ച തുക എത്രയെന്ന് വർഷം തിരിച്ചും ഏതെല്ലാം ക്ഷേമ പ്രവർത്തനങ്ങൾക്കാണ് ചെലവഴിച്ചതെന്നും വ്യക്തമാക്കാമോ? | (സി) | പട്ടികവർഗ്ഗ വിഭാഗക്കാർക്ക് വേണ്ടി ആദിവാസി പുനരധിവാസ വികസന മിഷൻ മുഖേന ഓരോ പുനരധിവാസ മേഖലയിലും വികസനത്തിന് തുക ചെലവഴിച്ചതിന്റെ വിവരം അനുബന്ധം-2 ആയി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

## അനുബന്ധം-1

| പദ്ധതി | ഗുണഭോക്താക്കളുടെ എണ്ണം | വിസ്തൃതി (ഏക്കർ) |
|---|---|---|
| വനാവകാശ നിയമം | 1564 | 2063.57 |
| ഭൂമി വാങ്ങി നൽകിയത് | 274 | 149.04 |
| ലാന്റ് ബാങ്ക് സ്കീം | 108 | 15.71 |
| നിക്ഷിപ്ത വനഭൂമി വിതരണം | 2708 | 1870.41 |
| റവന്യൂ ഭൂമി വിതരണം | 186 | 27.3 |
| വയനാട് ജില്ലയിൽ വെള്ളപ്പൊക്ക ഭീഷണി നേരിടുന്ന കുടുംബങ്ങൾക്ക് വാങ്ങി നൽകിയ ഭൂമി | 171 | 20.47 |
| **ആകെ** | **5011** | **4146.53** |

### വനാവകാശ നിയമം

| ജില്ല | നൽകിയ റൈറ്റിലുകൾ | വിസ്തൃതി |
|---|---|---|
| തിരുവനന്തപുരം | 21 | 49.01 |
| പത്തനംതിട്ട | 96 | 60.10 |
| കോട്ടയം | 24 | 21.94 |
| ഇടുക്കി | 685 | 914.98 |
| എറണാകുളം | 224 | 339.28 |
| തൃശ്ശൂർ | 13 | 53.89 |
| പാലക്കാട് | 262 | 499.454 |
| വയനാട് | 239 | 124.92 |
| **ആകെ** | **1564** | **2063.57** |

### ഭൂമി വാങ്ങി നൽകിയത്

| ക്രമ നം | ജില്ലയുടെ പേര് | ഗുണഭോക്താക്കളുടെ എണ്ണം | വാങ്ങി നൽകിയ ഭൂമിയുടെ അളവ് (ഏക്കറിൽ) |
|---|---|---|---|
| 1 | ആലപ്പുഴ | 1 | 2.87 |
| 2 | പത്തനംതിട്ട | 28 | 7.14 |
| 3 | കോട്ടയം | 36 | 9.25 |
| 4 | ഇടുക്കി | 9 | 7.92 |
| 5 | എറണാകുളം | 11 | 2.34 |
| 6 | തൃശ്ശൂർ | 5 | 1 |
| 7 | പാലക്കാട് | 26 | 6.58 |
| 8 | വയനാട് - കൽപ്പറ്റ | 7 | 2.51 |
| 9 | മാനന്തവാടി | 7 | 2.79 |
| 10 | കാസർഗോഡ് | 144 | 106.64 |
| | **ആകെ** | **274** | 149.04 |

## ലാന്റ് ബാങ്ക് പദ്ധതി

| ക്രമ നം | ജില്ലയുടെ പേര് | ഗുണഭോക്താക്കളുടെ എണ്ണം | വാങ്ങി നൽകിയ ഭൂമിയുടെ അളവ് (ഏക്കറിൽ) |
|---|---|---|---|
| 1 | പാലക്കാട് | 15 | 3.39 |
| 2 | മലപ്പുറം | 34 | 5.27 |
| 3 | കോഴിക്കോട് | 1 | 0.28 |
| 4 | വയനാട് | 58 | 6.76 |
| | ആകെ | **108** | **15.7** |

## നിക്ഷിപ്തവനഭൂമി വിതരണം

| ക്രമ നം | ജില്ല | | ഗുണഭോക്താക്കളുടെ എണ്ണം | വിസ്തൃതി (ഏക്കർ) |
|---|---|---|---|---|
| 1 | കാസർഗോഡ് (2017-18) | | 150 | 75 |
| 2 | അട്ടപ്പാടി | 2017-18 | 517 | 483 |
| | | 2018-19 | 222 | 168.56 |
| | | 2018-19 | 425 | 337.90 |
| | | 2020 - 21 | 295 | 169 |
| 3 | പാലക്കാട് | നെല്ലിയാമ്പതി ഓഫഞ്ച് ഫാം വക ഭൂമി (2018-19) | 104 | 104 |
| | | WP(C) 25215/10 കേസിൽ ഉൾപ്പെട്ടവർക്ക് തത്തേങ്ങലത്ത് ഭൂമി നൽകിയത് (2018-19) | 141 | 141 |
| | | | 141 | 68.76 |
| | | 2020-21 | 34 | 25 |
| 4 | മലപ്പുറം (2018-19) | | 454 | 73.19 |
| 5 | വയനാട് (2020) | | 225 | 225 |
| 6 | വയനാട് ജില്ല- മുത്തങ്ങ ഭൂസമരത്തിൽ പങ്കെടുത്തവർക്കുള്ള ഭൂമി വിതരണം (2016-17 മുതൽ 2018-19 വരെ) | | | |
| | ആകെ | | **2708** | **1870.41** |

## <u>റവന്യൂ ഭൂമി</u>

| ക്രമ നം | ജില്ല | ഗുണഭോക്താക്കളുടെ എണ്ണം | വിസ്തൃതി (ഏക്കർ) |
|---|---|---|---|
| 1 | എറണാകുളം (റവന്യൂ വകുപ്പ് മുഖേന പട്ടയം നൽകിയത്) | 99 | 9.9 |
| 2. | പാലക്കാട് (വല്ലങ്കി വില്ലേജിൽ ജലസേചന വകുപ്പിന്റെ കൈവശമുണ്ടായിരുന്ന ഭൂമി) | 87 | 17.40 |
| | | 186 | 27.3 |